ഉത്തരം

(എ) അല്ല.

(ബി ആന്റ് സി) ബാധകമല്ല.

(ഡി) ഉണ്ട്.

പൂവ്വാർ-പൊഴിയൂർ-പൊഴിക്കര മിനി ഫിഷിംഗ് ഹാർബർ നിർമ്മാണം

95 [3682] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂവ്വാർ-പൊഴിയൂർ-പൊഴിക്കര ഭാഗത്ത് മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കണമെന്നാവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സാധാരണക്കാർക്കായി കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള മദ്യം ലഭ്യമാക്കാൻ നടപടി

96 [3683] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാരായ നിരോധനത്തെ തുടർന്ന് മദ്യവില്പന കുറഞ്ഞിട്ടുണ്ടോ;

(ബി) നിരോധനത്തിനും മുൻപും ശേഷവുമുള്ള കേരളത്തിലെ മദ്യ വില്പന സർക്കാർ വിലയിരിത്തിയിട്ടുണ്ടോ;

(സി) നിരോധനത്തിനുമുൻപുള്ള കാലയളവിലെ ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിന്റെയും ചാരായത്തിന്റെയും വില്പനയുടെ വിശദവിവരം അറിയിക്കുമോ;

(ഡി) സാധാരണക്കാർക്ക് ഗുണമേന്മയുള്ള വില കുറഞ്ഞ മദ്യം ലഭ്യമാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) വിലകുറഞ്ഞ മദ്യം കുറഞ്ഞ അളവിലുള്ള കുപ്പികളിൽ വിതരണം നടത്തുവാൻ നടപടി എടുക്കുമോ;

(എഫ്) മദ്യവില്പന ശാലകൾ കേന്ദ്രീകരിച്ച് മദ്യപാനത്തിന്റെ ദോഷഫലങ്ങൾ വിപുലമായി പ്രചരിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly